ജ്ഞാനം ഈ സഭയുടെ ഈ ഭാഗത്തിരിക്കുന്നവർക്ക് ഇല്ലെന്നുള്ളതു തീച്ചയാണ്. മലവെള്ള മുണ്ട്, അതിനു നിവാരണം കാണാൻ എന്തൊക്കെയാണു വേണ്ടതെന്നാലോചിച്ചു ചെയ്യാനാണു നിങ്ങൾ അവിടെ ഇരിക്കുന്നതു്. അതു നിങ്ങളുടെ ചുമതലയാണു്. ചിറക്കു പൊക്കം കൂട്ടിയാൽ പൊട്ടുമെങ്കിൽ അതു പൊട്ടാത്തതരത്തിൽ ചെയ്യണം. മുക്കനാട്ട മുരിയാട്ട കനാൽ ഗവണ്മെണ്ടു് ഒരുകാലത്തു ചെയ്യാൻ ഉദ്ദേശിച്ചിരുന്ന രീതിയിൽ കാക്കത്തുരുത്തിയിൽ കൊണ്ടുപോയി വിടുന്നതായാൽ അതു വലിയ ഒരു കാര്യമാണു്. അതു ഫണ്ടില്ലാവാദംകൊണ്ടാണു നിറുത്തിവെക്കാനിടയായതു്. പക്ഷെ മുക്കനാട്ട മുരിയാട്ട കനാലിലെ വെള്ളംകൊണ്ടു കാറളത്തേയും കാട്ടൂരിനേയും വെള്ളത്തിൽ മുക്കിക്കളയരുതു്. എനിക്കു പറയാനുള്ളതു് അവിടെ ബണ്ടു പൊട്ടാതെ തുക്കണം. അതേസമയം മറ്റു പ്രദേശങ്ങളും മുങ്ങിപ്പോകയുമരുതു് എന്നാണു്.

എനിക്കിനി ഒരു കാര്യം വ്യക്തമാക്കേണ്ടതുണ്ടു്. ഈ ഭാഗത്തുള്ളവരുടെ കാലാവധി എത്ര കാലത്തേക്കാണെന്നു രീച്ചയാക്കാൻ നിവൃത്തിയില്ല. ഉള്ള കാലത്തോളം, കരുവന്നൂർ മുക്കനാട്ട ബണ്ടിന്റെ കാര്യം, വലിയൊരു വിഭാഗം ജനങ്ങളെ ബാധിക്കുന്ന കാര്യമാണു്. ആ ആളുകളുടെ ദുരിതങ്ങൾ കണ്ടുകൊണ്ടു ഞങ്ങൾ ഒരിക്കലും വെറുതെയിരിക്കയില്ലെന്നുള്ളതു തീച്ചയാണു്. ആ കാര്യം ഞങ്ങൾ കൊണ്ടുവരും, പ്രസ്സു ചെയ്യും, പാസ്സാക്കും.

ഏതായാലും ഈ സഭയുടെ അഭിപ്രായമറിയാനായിട്ടു് ഈ ഉപക്ഷേപം ഞാൻ പ്രസ്സു ചെയ്യുന്നു.

Mr. Panel Chairman: I think the noes have it.

Puthur Achyutha Menon *(Kattur):* Poll, Sir.

Ayes

1.	Mrs. T. Francis	18.	Mr. Balakrishna Menon.
2.	Miss Annie Joseph.	19.	,, K. S. Panicker.
3.	Mr. P. Narayana Menon.	20.	,, K. T. Achuthan.
4.	,, P. Govinda Menon.	21.	,, P. M. Mayankutty.
5.	,, V. R. Krishnan Ezhuthassan.	22.	,, Jos. K. Verghese.
6.	,, P Achyutha Menon.	23.	,, P. A. Mohamed Ashroff.
7.	,, P. T. Jacob.	24.	,, T. K. L. Kunjuvareed.
8.	,, C. S. Panicker.	25.	,, Joseph C. Cherayath.
9.	,, P. K. Paul.	26.	,, K. I Velayudhan.
10.	,, P. Sankara Menon.	27.	,, M. O. Thomakutty.
11.	,, M. K. Raja.	28.	,, Paramel Ipe Ipe.
12.	,, M. I. Paul.	29.	,, M. K. Verghese.
13.	,, P. Kumaran Ezhuthassan.	30.	,, K. K. Kannan.
14.	,, G. S. Dhara Singh.	31.	,, P. K. Dewer.
15.	,, P. Mani	32.	,, K. Kochukuttan.
16.	,, C. L. Ittiravi Namboodiri.	33.	,, K. A. Raghavan.
17.	Rao Sahib K. Ayyappan.	34.	Dr. S. S. Rao.

Noes

1.	Mr. P. V. Raphael.	6.	Mr. M. Sivarama Menon.
2.	,, V. K. Aravindaksha Menon.	7.	,, K. S. Raghavan.
3.	Rao Sahib I N. Menon.	8.	,, C. J. Mathew.
4.	Mr. A. Madhava Prabhu.	9.	,, S. Venkateswaran.
5.	,, B. V. K. Menon.	10.	Rao Sahib M. M. Paul.

Mr. Panel Chairman: The motion is, therefore, carried by 34 votes to 10.

CUT MOTION No. 16

BRIDGES TO CONNECT ERNAKULAM, MULAVUKAD AND VYPEEN ISLANDS

Rao Sahib K. Ayyappan *(Kanayannur-Ezhuvas):* To reduce the allotment of Rs. 12,22,453 for communications—Public Works in Demand No. 30 by Re. 1. *To request the Government to include in the Post-war Development works, a scheme to connect Ernakulam, Mulavukad Panampukad and Vypeen Islands by bridges, extend Vypeen—Pallippuram Road to Ernakulam and extend Alwaye water Pipe System and electricity to the above-mentioned places.*

സർ, ഞാൻ ഒരു വിദഗ്ദ്ധന്റെ നിലയിലല്ല ഇതുകൊണ്ടുവന്നതെന്ന ആദ്യമെ സമ്മതിച്ചുകൊള്ളുന്നു. പക്ഷെ ചില കാര്യത്തിൽ വിദഗ്ദ്ധന്മാരേക്കാൾ കൂടുതൽ അറിവും അനുഭവ

LIBRARY ARCHIVES Kerala Legislative Assembly

വെച്ചു നോക്കുന്ന ആൾക്കായിരിക്കും എന്ന എളിയ അവകാശംമാത്രം വെച്ചുകൊണ്ടാണ് ഇതു ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതു്. വെള്ളമില്ലെന്നുള്ള പരാതി കടലോര പ്രദേശങ്ങളിലെ ജനങ്ങൾ ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. ഏറ്റവും പ്രധാനമായ പരാതി വന്നിട്ടുള്ളതു് വൈപ്പിൻ അയലൻറ്, വല്ലാർപാടം, മുതലായ സ്ഥലങ്ങളിൽനിന്നാണു്. വേറെ ഒരു വിഷമം അവിടെയുള്ളതു് ഗതാഗത സൌകര്യമില്ലെന്നുള്ളതാണു്. ഞാൻ ഈ പറഞ്ഞ പ്രദേശങ്ങളെല്ലാം ജനങ്ങൾ വളരെ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളാണു്. എറണാകുളത്തും മട്ടാഞ്ചേരിയിലും താമസിക്കുവാൻ സ്ഥലസൌകര്യമില്ലാത്ത വിഷമം വളരെ ഉണ്ടു്. എറണാകുളത്തേയും മട്ടാഞ്ചേരിയിലേയും സ്ഥലസൌകര്യമില്ലാത്ത വിഷമം ഇല്ലാതാക്കുവാനും അവിടെയുള്ളവർക്കു സൌകര്യമായി താമസിക്കുന്നതിനും പുതിയ സ്ഥലങ്ങൾ ഉറക്കുന്നതിനും ആ സ്ഥലങ്ങളെല്ലാം നന്നാക്കി തീർക്കുന്നതിനും വെള്ളവും എലക്ട്രിസിറ്റിയും ആ പ്രദേശത്തേക്കു കൊണ്ടുപോകുന്നതിനും വേണ്ടിയുള്ള ഒരു സ്കീമാണിതു്. ഈ സ്കീം ഗവൺമെണ്ടു് എടുക്കുകയാണെന്നുണ്ടെങ്കിൽ ഇതിനുവേണ്ടി ചിലവാകുന്ന പണം തല്ക്കാലം വളരെ വലുതാണെങ്കിലും അതിന്റെ പ്രയോജനം നോക്കുമ്പോൾ ഒരു നിസ്സാര സംഖ്യയാണു്. ആ സംഖ്യ കുറെ കൊല്ലംകൊണ്ടു് ഗവൺമെണ്ടിനു് അവിടെനിന്നു എടുക്കുവാൻ സാധിക്കുമെന്നാണു് എന്റെ വിശ്വാസം. ഈ സ്ഥലങ്ങളെല്ലാം കൊച്ചിയുടേയും എറണാകുളത്തിന്റേയും പ്രധാന ഭാഗമായി തീരും. മുളവുകാട്പോലെ സുഖവാസയോഗ്യമായ സ്ഥലം വേറെയുണ്ടാകയില്ല. ഈ സ്കീമിന്റെ നടത്തിപ്പിനു മുന്നു പാലങ്ങൾ കെട്ടണം. ചീഫ് ഇഞ്ചിനിയരോടു ഞാൻ ഇതിനെപ്പറ്റി പറഞ്ഞപ്പോൾ അദ്ദേഹം ഇതു പ്രയാസമുള്ള ഒരു കാര്യമായി പറഞ്ഞില്ല. അദ്ദേഹത്തിനു ഇതിന്റെ പ്രയോജനത്തെപ്പറ്റി വിശ്വാസമുള്ളതുപോലെയാണു് എനിക്കു തോന്നിയതു്. ഗവൺമെണ്ടു് ഈ പദ്ധതി സ്വീകരിക്കയാണെന്നുണ്ടെങ്കിൽ വൈപ്പിൻ മുതലായ പ്രദേശങ്ങളിലെ പരാതി മേലിൽ ഉണ്ടാകയില്ല. ഇപ്പോൾ വൈപ്പിനിലേക്കു വെള്ളം കൊടുക്കുവാൻ സബ്മർജ്ഡ് പൈപ്പുലൈൻ ഇടുവാൻ ഗവൺമെണ്ടു് വിചാരിക്കുന്നുണ്ടെന്നു കേൾക്കുന്നു. ഈ സ്കീം വന്നാൽ, അങ്ങിനെയല്ലാതെ പൈപ്പുലൈൻ അങ്ങോട്ടുകൊണ്ടുപോകാം. ഇതു അഞ്ചോ ആറോ കൊല്ലംകൊണ്ടു ചെയ്യാൽ മതി. പോസ്റ്റൽ വാർ സ്കീമിൽ ഇതിനേയും ഉൾപ്പെടുത്തണമെന്നാണു് ഞാൻ പറയുന്നതു്. അവിടെങ്ങളിൽ തൊഴിലില്ലായ്മയും ദാരിദ്ര്യവും വളരെ വർദ്ധിച്ചിട്ടുണ്ടു്. അവിടെ കേപ്പിറൽ ഇല്ലായ്മയില്ല. എലക്ട്രിസിറ്റി അങ്ങോട്ടു കൊണ്ടുപോകയാണെന്നുണ്ടെങ്കിൽ കൂടിൽ വ്യവസായങ്ങളും വളരെ വലിയ വ്യവസായങ്ങളും നടത്തുന്നതിനു സൌകര്യമുള്ള സ്ഥലങ്ങളാണു് അതെല്ലാം. ഇവിടത്തെ വ്യവസായങ്ങളുടെ കഴിവു വളരെ വർദ്ധിപ്പിക്കുവാൻ സാധിക്കും. നാനാമുഖമായ കഴിവുകൾ അടങ്ങിയതും പരിവർത്തനോന്മുഖവും പരിഷ്കൃതവും, അവിടെയുള്ളവർക്കു മാത്രമല്ല, പൊതുവെ എല്ലാവർക്കും ഗുണകരവുമായ ഒരു സ്കീമാണു് ഞാൻ ഗവൺമെണ്ടിന്റെ മുമ്പാകെ വെക്കുന്നതു്. വൈപ്പിൻ അയലൻറ് എറണാകുളവുമായി കൂട്ടിഘടിപ്പിക്കുകയാണെന്നുണ്ടെങ്കിൽ അതവിടെ നില്ക്കുന്നില്ല. വടക്കോട്ടു വളരെ എളുപ്പമായ വഴി തുറന്നു കിട്ടുകയാണു് ചെയ്യുന്നതു്. പള്ളിപ്പുറത്തേക്കു കാറിനു പോകാം. തൃശ്ശിവപേരൂർക്കു പോകുന്നതിനു ഏറ്റവും എളുപ്പമുള്ള ഒരു വഴിയും കിട്ടും. ഇതു ഞാൻ ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെടുത്തിക്കൊള്ളുന്നു.

Mr. P. Govinda Menon (*Ernakulam*) : Mr. Chairman, the problem of the coastal areas of the State is not exactly a local problem. It is really a problem affecting the whole State. In those coastal regions referred to in the cut motion and in other coastal areas large sections of our people are living in most insanitary conditions. On a previous occasion Hon'ble Member for Kanayannur Ezhuvas;—I think it was six or seven years ago, pointed out that the people of this locality are drinking what he termed in picturesque language "Hook-worm Kashayam" and that is what they are taking in daily even today. And as he pointed out in his speech it is one of the most thickly populated areas of the world. There large sections of the people, the poorer sections of the population of Cochin, are living without drinking water, without convenience for washing purposes, without latrines, without light and without communications. It is a pity; and when I read the Diwan's speech it has set me thinking how this pressing problem of the coastal areas has not yet struck the imagination of any Minister before. Public Health is a question which comes under the portfolio of the Minister and when I read a portion of the of the Diwan's speech I began to think whether after all our Ministers are less responsible to the people than the Diwan. This is what the Diwan says in page 15 of his speech.—"The very great increase in the demand for water by the Port and by the large population connected with the Defence Services on Willingdon Island has made it

LIBRARY ARCHIVES Kerala Legislative Assembly

necessary to undertake work of considerable magnitude in order to improve the supply of water power from the Periyar River at Alwaye. But for the demand created by the war emergency these works would certainly not have been undertaken at present. But as the need for them has become manifest they have been undertaken." Am I wrong if I take it, Sir, that the need for water in these areas has never before become manifest to the authorities to whom it should have become manifest? I must take it from the policy laid down by the Diwan in his speech that whenever a need becomes manifest to the Head of the Administration the work will be taken otherwise it will not be taken up. And I begin to think whether this need did not become manifest before to the authorities, whether it be the Diwan or the Minister. If it had not become manifest to the Minister I think it is the Minister's duty because he is administering the Department of Public Health, to give pure drinking water, to give the other facilities—I am not referring to bridges and communications for these areas. If this need has not become manifest to any Minister before, then it means that they did not understand the needs of the people. If after having become manifest to the Minister he does not give these amenities to the people, then it means that after a need has become manifest he does not do anything to satisfy these needs. Sir, I refuse to be replied by the answer that the funds at the disposal of the Minister are only so many lakhs of rupees and therefore he is not in a position to grant these demands. If the popular Minister becomes appraised of the needs and if he is not able to get the funds necessary for satisfying these demands, then he has no business to continue in office, because a popular Minister who cannot satisfy the needs of his people which have become manifest to him should not continue in office unless he gets funds necessary for the purpose; and the reserved section of the Government also must understand that this House will never stand in the way of this Government even resorting to taxation for the purpose of spending under proper heads. Now every section of this House will be united in their demand for the redress of the longstanding needs of the poor people of this locality whether by the Diwan or by the Minister we don't care. Now the Diwan in his speach says that supply of drinking water to the military personnel in the Willingdon Island is an emergency. If that is so, this has all along been an emergency, and will continue to be an emergency for ever. If the Military people are carrying on the operations of Defence, these poor people to espouse whose cause probably there are not sufficient forces behind the Government, these poor people were all long defending this country in peace and war alike by toiling day and night for the prosperity of this country. That the demands of such a section of the population are not being attended to is a standing condemnation of this Government, that is what I think. Rao Sahib Mr. Ayyappan's motion goes a bit further. It does not refer only to water and other sanitary arrangements in these places but he referred to bridges also; and I understand from his speech that the construction of these bridges will facilitate the carrying of water to these areas. He referred to the fact that the Government is comtemplating taking water to this area through submerged pipelines. Government may contemplate many things but the Government had been contemplating and contemplating. Ever since I entered the House in the year 1110 the needs of this section of our population has been echeod in this House in almost every session of its sitting. Now the time has come when the people must press the Government to do something concrete in this direction. If the scheme as contemplated by the Hon'ble Member is accepted—he dilated upon the advantages that will follow—these areas would be a sort of annex so to say to the town of Ernakulam. In this connection I want to refer to another fact also. This Government seems to think that post-war development means taking into consideration things after the termination of the War. That is not strictly correct. We must plan and begin to execute the works so that after the War we will have, in the words of the Finance Member "a better world to leave in"; and post-war development does not mean putting into operation things only after the end of the War. In San Fransisco they met even during the War in order to think of post-war reconstruction after the termination of the War. Therefore these things should be decided upon now, at once; and they must wait only because in order to translate them into action materials are not available. All the other things must be taken up and the Government must decide upon a course of action which will be put into force as soon as materials are available. This is, a subject, Sir, on which no amount of stress laid by the non-official section of this House will be too much. I therefore strongly second the motion brought forward by the Hon'ble Member for Kanayannur Ezhuvas and request him not to withdraw the motion.

Mrs. T. Francis *(Ernakulam-Women)*: I rise to support this cut motion. The Hon'ble Member Rao Sahib Ayyappan, the veteran politician of this House, has narrated quite plainly about the necessity of connecting the main-land (that is Ernakulam) with the Islands of Mulalvukad Panampukad and Vypeen. Sir, I am personally acquinted with these regions, much more than,

LIBRARY ARCHIVES Kerala Legislative Assembly

I think, many other members of this House. I was born and brought up in Mulavukad. Mulavukad is a very conjested area and the difficulties the people undergo in these parts are very many. They have to cross over to the main-land for everything, for all their necessaries of life, for medicine, even to bury the dead. Much more difficulties the people of Panampukad and Vypeen undergo. People in Panampukad and Vypeen are intensely suffering for want of good drinking water. If, as suggested by Hon'ble Rao Sahib Ayyappan, new bridges are made and these Islands are connected with the main-land drinking water could be taken to them and their wants could be met. People of these islands have to go to Ernakulam several times a day for schooling, marketing and many other things. In the dead of night, if a death occurs, due to epidemic such as small-pox or cholera the neighbours will not allow the dead body to be kept in their midst for a long time. They compell the relatives of the deceased to take the dead body at once to any place and bury it; and where are they to go to? The land-lords will not allow their servants to bury it in their lands on account of the protest of the neighbouring people; I know of instances in which such dead bodies had to be carried in stormy night to Ernakulam to be cremated or buried. There were requests to the Minister as well as to the Government several times to give them a burial gournd. That was not granted. The Hon'ble Member for Ernakulam has said about want of public latrines there. It is really a pitiable thing indeed. As a doctor I have had several occasions to hear about their complaints when people came to me for treatment. When asked about the health and other conditions they used to complain to me about the want of public latrines and that they cannot have their calls of nature when they would like to have them. And, therefore, they could not be asked to take a purgative. Of course I mentioned this first to make the House understand the unbearable sufferings of these people. As Rao Sahib Ayyappan has suggested if the above said islands are connected with the main-land and better attention paid to the grievances of the villagers all these troubles could be minimised. More over by connecting the main-land with these islands the town of Ernakulam could be extended westwards and northwards instead of eastwards. Owing to the proximity and obstruction of Travancore territory we cannot extend much Ernakulam town to eastward. If we go westwards and northwards there will be no such difficulty. By connecting these islands with the main-land the capital town of Eruakulam could be beautified. It will look more beautiful and more grand that it is now. On the one extremity we have got these islands and on the other extremity we have got the Thevara bridge connecting Willingdon Island and Mattancheri. If you can connect these islands with Ernakulam it can be turned to be a very beautiful city to look at. Besides, all these sufferings of a large number of people could be alleviated and many lives could be saved. There will not be so many boat accidents. The labourers from Panampukad, Mulavukad and other neighbouring places go to the Willingdon Island for work and they have to travel in boats. Sometimes boats are capsised and many lives are lost. If such a connection by bridges is done these people need not cross the back-waters. They can simply come over to the main-land and walk to their work spots. I request the Government to take early steps to connect the said islands with Ernakulam. I strongly support the motion.

* മിസ്റ്റർ പി. നാരായണമേനോൻ: സർ, ഞാൻ ഈ ഉപക്ഷേപത്തെ പിന്താങ്ങുന്നു. പക്ഷെ ഒരു വ്യവസ്ഥയോടുകൂടിയാണ് ഞാനിതു പിന്താങ്ങുന്നതു്. പോസ്സ്വാർ പദ്ധതിയ്ൽ ഇതു പെടുത്തിയാൽ മതിയെന്നു പറഞ്ഞിട്ടുണ്ടു്. അതുകൊണ്ടാണ് ഒരു വ്യവസ്ഥ വെക്കേണ്ടിവന്നതു്. വലിയ വലിയ അടിയന്തരങ്ങൾക്കു് കായ പഴുപ്പിക്കുന്നതിനു കഴിയിൽ വെക്കുന്നപോലെയാണ് യജ്ഞം കഴിഞ്ഞിട്ടു ചെയ്യേ തീർക്കുന്നതിനായി പല കാര്യങ്ങളും ഗവൺമെണ്ടു് നിട്ടികൊണ്ടുപോകുന്നതെന്നു എനിക്കു തോന്നാറുണ്ടു്. കായ കഴിയിൽവെച്ചാൽ അതു പെട്ടെന്നു വിളഞ്ഞേണ്ട സമയത്തു എല്ലാം ഒരുപോലെ പഴുത്തു കിട്ടുമെന്നു വിശ്വസിക്കാം. അതുപോലെ യജ്ഞം കഴിഞ്ഞിട്ടു ചെയ്യേ തീർക്കുന്നതിനുവേണ്ടി നീക്കിവെക്കുന്ന എല്ലാ കാര്യങ്ങളും ഒന്നുപോലെ യജ്ഞം കഴിഞ്ഞാൽ ഉടനെ ജനങ്ങൾക്കു ഉപയോഗമാക്കത്തക്ക വിധത്തിൽ ചെയ്തു തീർക്കുവാൻ സാധിക്കുമോ എന്ന കാര്യം സംശയമാണു്. ഫ്ലഡ്-ൽ കൂടി ചെയ്യുന്നതിനുവേണ്ടി ഒരുദ്ദേശകനായ സാധുകർഷകൻ പത്തോ അമ്പതോ ഉറുപ്പിക കിട്ടുമെന്നു പറഞ്ഞു ഗവൺമെണ്ടു മുമ്പാകെ സമർപ്പിച്ച ഒരു ഹർജിയെക്കുറിച്ചുള്ള രീതിമാനം ഫ്ലഡ് കമ്മിറ്റിക്കു മുമ്പാകെ കഴിഞ്ഞിട്ടും ഗവൺമെണ്ടിന്റെ അലോചനയിൽ ഇരിക്കുന്നേയുള്ളു. (ചിരി). ഇനിയും അതു കൊടുക്കണമോ വേണ്ടയോ എന്നു തീരുമാനമായി കഴിഞ്ഞിട്ടില്ല എന്നു പറയുന്ന ഗവൺമെണ്ടിനെയാണ് യജ്ഞം കഴിഞ്ഞിട്ടു ചെയ്യേ തീർത്താൽ മതിയെന്നു പറഞ്ഞു ചില അത്യാവശ്യകാര്യങ്ങൾ എല്ലിക്കുന്നതു്. ഇങ്ങിനെയുള്ള ഗവൺമെണ്ടിനു ഈ കാ

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

യ്ക്കുന്നതും യുദ്ധം കഴിഞ്ഞിട്ട് ചെയ്യുവാൻ എത്രത്തോളം ജാഗ്രതയുണ്ടാകുമെന്നാണ് എന്റെ സംശയം. സ്വതേതന്നെ ആലോചിക്കുവിൻ, അവ ബുദ്ധിപൂർവ്വകമായിരിക്കുമോ എന്ന്. ഇന്നു തീരുമാനിക്കുവാൻ ഭയപ്പെടുന്ന കാര്യങ്ങൾതന്നെ നിട്ടിക്കൊണ്ടുപോകുന്നതിനു വേണ്ടിയുള്ള ഗവൺമെണ്ടിനു ഇതു നിട്ടുന്നതിനു ഒരു അനുവാദവും കൂടിയായാൽ പിന്നെ എത്രയാണ് നീട്ടി കൊണ്ടുപോകുക എന്നു അറിഞ്ഞുകൂടാ. ചിലപ്പോൾ പോസ്റ്റുവാർ സ്കീം എന്നു കേൾക്കുമ്പോൾ എനിക്കു വളരെ ഭയംതന്നെ തോന്നാറുണ്ട്. ഒരു മനുഷ്യൻ അന്ത്യശ്വാസം വലിക്കുമ്പോൾ അയാൾക്കു ഒരാശ്വാസം കിട്ടുന്നതിനു കൊടുപ്പാൻ കഴിയുന്ന ഔഷധത്തിൽ ഒരു വായുഗുളിക ചോദിക്കുന്ന സമയത്തുപോലും അവ പോസ്റ്റുവാർ സ്കീമിലേക്കു മാറ്റിവെച്ചിട്ടുണ്ട്, യുദ്ധം കഴിഞ്ഞിട്ട് കൊണ്ടുവരുവാൻ ആലോചിക്കുകയാണെന്നു പറയുന്നതിനുപോലും മടിക്കുമോ എന്നു എനിക്കു സംശയം തോന്നിട്ടുണ്ട്. അതുകൊണ്ട് ഈ പോസ്റ്റുവാർ സ്കീമിൽ പെടുത്തണമെന്നുള്ള അഭിപ്രായം ഈ ഉപക്ഷപത്തിൽ അടങ്ങിയതുകൊണ്ടാണ് ഒരു വ്യവസ്ഥയുംകൂടി വേണമെന്നു എനിക്കു തോന്നിയതു്. വായുഗുളികപോലെ അത്രത്തോളം ആവശ്യമല്ലെങ്കിലും വെള്ളം മനുഷ്യർക്കു വളരെ അത്യാവശ്യമായ ഒരു സാധനമാണ്. വായു കഴിഞ്ഞാൽ പിന്നീടു് ആവശ്യമായ പദാർത്ഥം വെള്ളമാണ്. അതുകൂടാതെ ഒരു മനുഷ്യനു മൂന്നോ നാലോ ദിവസത്തിൽ കൂടുതൽ ജീവിക്കുവാൻ സാധിക്കുന്നതല്ല. അങ്ങിനെ കുടിക്കുന്നതിനു ശുദ്ധജലം കിട്ടാത്ത പ്രദേശങ്ങളാണ് വൈപ്പിൻ ദ്വീപ്, പനമ്പുകാട് ദ്വീപ മുതലായ പ്രദേശങ്ങൾ, ഈ സമയത്തു പോസ്റ്റുവാർ സ്കീമിൽ ഉൾപ്പെടുത്തി യുദ്ധം കഴിഞ്ഞിട്ടു ചെയ്യേണ്ടതിക്കുവാനായി ആവശ്യപ്പെടുന്ന ഒരു വലിയ പ്ലാനും ഗവൺമെണ്ടിനു് കിട്ടിട്ടുണ്ട്. അതോടുകൂടി പാലങ്ങൾ, എലക്ട്രിസിറ്റി, വെള്ളം, റോഡു് ഇങ്ങിനെ എന്തെല്ലാമാണോ അവിടേക്കു ആവശ്യമായിരിക്കുന്നതു് യുദ്ധത്തിനുശേഷം അതൊക്കെ ചെയ്തു നമ്മുടെ രാജ്യം സമ്പൽസമൃദ്ധമാക്കാമെന്നു ഗവൺമെണ്ടു പറയുന്നു. അതുകൊണ്ടു് ഇനി നിങ്ങൾക്കു് ഇപ്പോഴെന്നും ആവശ്യപ്പെടേണ്ട കാര്യമില്ല; വായു ആയാലും, വെള്ളമായാലും, മരുന്നായാലും വിരോധമില്ല എന്തായാലും നിങ്ങൾ ഇതിനിടക്കു യാതൊന്നുംതന്നെ ആവശ്യപ്പെടേണ്ട കാര്യമില്ല; യുദ്ധം കഴിഞ്ഞിട്ടു് നിങ്ങളുടെ പ്രതിനിധികൾ കൊണ്ടുവന്നിരിക്കുന്ന സ്കീം നടപ്പാക്കി നിങ്ങൾക്കു സമ്പൽസമൃദ്ധമായ രാജ്യമുണ്ടാക്കിത്തരുവാനാണ് ഗവൺമെണ്ടു് നിശ്ചയിച്ചിരിക്കുന്നതു്. അതുകൊണ്ടു് ഇനി ഈ കാര്യത്തെപ്പറ്റി നിങ്ങൾ മിണ്ടിപ്പോകരുതു്, പറഞ്ഞു പോകരുതെ, എന്നു എനിക്കു ഗവൺമെണ്ടിനോടു് ഒരപേക്ഷയുണ്ട്. അതിനു്, ആ സമ്പൽസമൃദ്ധമായ രാജ്യം വരുമ്പോൾ അതനുഭവിക്കുന്നതിനു, അതുവരെ ജീവിച്ചിരിക്കുവാൻ, ഇപ്പോൾ വായുവും വെള്ളവും കിട്ടാതെ ബുദ്ധിമുട്ടുന്ന ആളുകൾക്കു സാധ്യമായിട്ടു വേണ്ടെ എന്നു ഞാൻ ഗവൺമെണ്ടിനോടു മറുപടി ചോദിച്ചുകൊള്ളട്ടെ. ഇന്നു കുടിക്കുവാൻ വെള്ളമില്ലാതെയും ശ്വാസിക്കുവാൻ വായുവില്ലാതെയും നടക്കുവാൻ വഴിയില്ലാതെയും രോഗത്തിൽനിന്നു രക്ഷ നേടുന്നതിനു മരുന്നില്ലാതെയും ബുദ്ധിമുട്ടുന്ന ജനങ്ങൾക്കു വായുവും, വെള്ളവും, മരുന്നും, വഴിയും കിട്ടുന്നതിനു വേണ്ടതായ എളുപ്പുപ്പാടുകൾ ഉടനടിതന്നെ ചെയ്യണമെന്നു് എനിക്കുപേക്ഷയുണ്ട്. മറ്റുള്ള കാര്യങ്ങൾ എന്നു ചെയ്താലും വിരോധമില്ല. ഈവക സംഗതികളെല്ലാം വളരെ അത്യാവശ്യമായിട്ടുള്ളതാണ്. ഇതിനു പണമില്ലെന്നു ഗവൺമെണ്ടു് പറയുന്നില്ല. അതുതന്നെ വലിയ കാര്യം; എലക്ട്രിസിറ്റി, പാലങ്ങൾ, റോഡുകൾ ഇതെല്ലാം അടങ്ങിയിട്ടുള്ള ഒരു സ്കീം, അനേകലക്ഷം ഉറുപ്പിക ചിലവുള്ള ഒരു സ്കീം, ഈ ഫണ്ടില്ലെന്നു പറയുന്ന ഗവൺമെണ്ടു് ഉടനെ ചെയ്യില്ലെങ്കിൽ പിന്നെ അതു എന്നാണു് ചെയ്യുവാൻ പോകുന്നതെന്നു നിശ്ചയിക്കുവാൻ സാധ്യത്തിയില്ല. ഗവൺമെണ്ടിന്റെ കൈയ്യിൽ പണമില്ലെന്നു പറയുന്നതു ശരിയല്ല. ഗവൺമെണ്ടിന്റെ പണം ജനങ്ങളുടെ കൈയ്യിൽനിന്നു വരുന്ന പണമാണ്. ഈ ഗവൺമെണ്ടിനു പകരം ജനങ്ങളുടെ പ്രതിനിധികളാൽ രൂപീകരിക്കപ്പെട്ട ഗവൺമെണ്ടാണ് ഇവിടെയുള്ളതെങ്കിൽ ആ ഗവൺമെണ്ടിനു എത്ര പണം വേണമോ അതുപോലും പണം ഉണ്ടാക്കുവാൻ സാധിക്കുന്നതായിരിക്കും. ആ ഗവൺമെണ്ടിനു പണത്തിനു ബുദ്ധിമുട്ടുണ്ടാകയില്ല. ഇന്നത്തെ ഗവൺമെണ്ടിനു പണത്തിനു ബുദ്ധിമുട്ടുണ്ട്. എങ്കിലും ജനങ്ങൾക്കാവശ്യമായ കാര്യങ്ങൾക്കു ചിലവു ചെയ്യുവാനുള്ള പണമുണ്ടാകും. ജനങ്ങൾക്കു ഇതു വളരെ ഉപകാരമായിട്ടുള്ള ഒരു സ്കീമാണ്. ഈ സ്കീം മുഴുവനും പ്രവൃത്തിയിൽ വരുന്നതിനുമുമ്പു് ജനങ്ങൾക്കു അത്യാവശ്യമായ വെള്ളത്തിന്റെ കാര്യത്തിലെങ്കിലും ഗവൺമെണ്ടു് ശ്രദ്ധിക്കണമെന്നപേക്ഷിച്ചുകൊണ്ട് ഞാൻ വിരമിക്കുന്നു.

Mr. V. K. Aravindaksha Menon *(Chief Engineer):* In this cut motion stress has been laid for the construction of a bridge linking Ernakulam with the Vypeen shore. A possible

allignment will be from Ernakulam to Mulavukad and from there to Vallarpadam and then cross again over to Elankunnapuzha. The total lenght of the bridge not taking into account the land portion will be about 2½ miles and detailed investigation is necessary to compute the actual expenditure. I have not been able to survey the back-waters along the allignment. It is not at all a difficult engineering proposition. It may be very expensive. The question will be looked into and all these aspects will be considered by the Government.

As regards to water supply I think I elaborated why it has not been possible for us to extend the water supply to Vypeen and the areas adjoining that place. Firstly it was due to the difficulty of getting the necessary steel pipes.. Secondly the water supply to Ernakulam and Mattancheri itself at present is insufficient and there is not enough water to spare to other areas. Of course the requirements of a town in which many people stay in a concentrated fashion has got priority than in an area scattered over a length of 11 to 14 miles. In any case you will agree that it will be improper to take water which is not sufficient even for the towns of Ernakulam and Mattancheri to other places before the demand here is satisfied. That was anther reason why it has not been possible for Government to take water to those areas. I have explained this this morning that we are taking action to enhance the supply of water which could be pumped from Chowwara. By March 1946 it will be possible to lay another pipe line and increase the capacity of the waterworks extension in the nature of pumps and to double the present capacity. After that time, it will be possible for us to spare water to other areas as well. Such areas are not only Vypeen. There are ever so many islands on the back-waters here. Even the Trippunithura town, Vyttila and those places suffer for want of good drinking water. There are ever so many places like that which are very thickly populated areas, all skirting the back-waters where the present water supply is bad. We have to supply to all those areas. I would therefore inform the Hon'ble House that the Government are alive in this matter and whatever effective action can be taken will be taken in the matter of water supply.

റാവു സാഹിബ്ബ് കെ. അയ്യപ്പൻ: സർ, മിസ്സർ നാരായണമേനോന്നള്ള സംശയത്തെത ന്നെ ഞാൻ ആദ്യം തീർത്തുകൊള്ളുന്നു. ഈ പുതിയ സ്കീം നടപ്പിലായാലും ഇല്ലെങ്കിലും വെള്ളം കൊടുക്കുന്നതിനുള്ള ശ്രമം നീട്ടിവെക്കരുതെന്നു ഞാനും ഗവൺമെണ്ടിനെ അറിയിച്ചു കൊള്ളുന്നു. വെള്ളത്തിന്റെ കായ്ത്തെപ്പറ്റി എല്ലാപേരും നല്ലപോലെ അറിഞ്ഞിരിക്കുമല്ലൊ; അതിനെപ്പറ്റി പ്രത്യേകിച്ചൊന്നും പറയേണ്ടതായിട്ടില്ലല്ലൊ എന്നുദ്ദേശിച്ചാണു് ഞാൻ അതിനെ കുറിച്ചധികമായി ആദ്യത്തെ പ്രസംഗത്തിൽ പറയാതെയിരുന്നതു്. ഞാൻ ഒരൊറ്റ സംഗതികൊണ്ടു് ആ പ്രദേശങ്ങളിലുള്ള വെള്ളത്തിന്റെ ക്ഷാമത്തെ കുറിച്ചു മെമ്പറന്മാരെ നല്ലപോലെ മനസ്സിലാക്കാം. ഒരു സദ്യയിൽ പങ്കു കൊള്ളാൻ ഞാൻ ഒരിക്കൽ അഴീക്കൽ ഒരേടത്തു പോകുകയുണ്ടായി. പല വിഭവങ്ങളുണ്ടായിരുന്നെങ്കിലും അവയിൽ ഒരു സാധനമെങ്കിലും തിന്നാൻ നിവൃത്തിയില്ല. ഒടുവിൽ പഴവുംകൂടി ഉപ്പുവെള്ളം കയറിയതാണോ എന്നു തോന്നിപ്പോയി. ഞാൻ ഒരതിശയോക്തി പറയുകയല്ല. അതുപോലെ കൊടുങ്ങല്ലൂർ മെമ്പർ മിസ്റ്റർ വർഗ്ഗീസിന്റെ വീട്ടിൽ പോയിരുന്നു. ആ പ്രദേശത്തുവെച്ചു എന്തു സൌകര്യവും ലഭിക്കുവാൻ കഴിവുള്ള ഒരു മാന്യനാണു് അദ്ദേഹം. അവിടെനിന്നു മുഖം കഴുകിയ വെള്ളത്തിൽ ഉപ്പു്, കാഫി കുടിച്ചപ്പോഴും അതിലും ഉപ്പുണ്ടോ എന്നു തോന്നിപ്പോയി. ഇതു ഞാൻ ഇവിടെ പറയുന്നതു ഇരിങ്ങാലക്കുട മുതലായ വടക്കൻ പ്രദേശത്തുനിന്നു വരുന്ന മെമ്പറന്മാർക്കു ഈ സ്ഥലങ്ങളിൽ വെള്ളമില്ലാത്തതുകൊണ്ടുള്ള കഷ്ടപ്പാടു് എന്താണെന്നു അറിവാൻ പാടില്ലാത്തതുകൊണ്ടു് അവരറിയാൻ വേണ്ടിയാണു്.

മിസ്റ്റർ പുത്തൂർ അച്യുതമേനോൻ: ഞങ്ങൾക്കു നല്ലവണ്ണം മനസ്സിലായിട്ടുണ്ടു്.

റാവു സാഹിബ്ബ് കെ. അയ്യപ്പൻ: മനസ്സിലാക്കിയാൽ പോരാ; അൻപവിച്ചറിഞ്ഞാലേ ശരിയാകയുള്ളു. അതിനൊരു പരിഹാരം കാണ്മാൻ ഒരുങ്ങുമ്പോൾ അതു് ഗവൺമെണ്ടിനു നഷ്ടംകൂടാത്ത ഒരു സ്കീമിനോടുകൂടി നടപ്പാക്കാമെന്നാണു് ഞാൻ പറയുന്നതു്. ഗവർമ്മെണ്ടിനു് ഒരു പൈപോലും നഷ്ടം വരികയില്ല. ആ ബ്രിഡ്ജു് പണിയാൻ ഒരുങ്ങുകയാണെങ്കിൽ അതിന്നിരുവശങ്ങളിലുമുള്ള ഭൂമി അക്വയർചെയ്തു ഗവൺമെണ്ടിൽനിന്നു പിന്നീടു വിൽക്കയാണെങ്കിൽ അതിൽനിന്നതന്നെ ആ സ്കീമിനുവേണ്ട പണം കിട്ടുന്നതാണു്. പക്ഷെ അതിനൊക്കെ ഭാവനാശക്തിവേണം. ദിവാൻജിയുടെ പ്രസംഗത്തിൽനിന്നും ഇപ്പോൾതന്നെ കടം എടുക്കുവാൻപോകുന്ന ഒരു കോടി രൂപയ്ക്കു പുറമെ മാറുള്ളതെല്ലാംകൂടി നൂ കോടി രൂപ ഉണ്ടാകുമെന്നാണു് കാണുന്നതു്. അങ്ങനെ ഇരുപതു രൂപ മാത്രമെ ഉള്ളുവെങ്കിൽ കൊച്ചിഗവൺമെണ്ടിന്റെ സകല പോസ്റ്റാഫീസുകളും കടലാസ്സിൽതന്നെയിരിക്കുമെന്നാണു് എ

LIBRARY ARCHIVES Kerala Legislative Assembly

നിക്കു പറയാനുള്ളതു്. ഈ നണകേടംകൊണ്ടൊന്നും കായ്മില്ല. എച്ചു്. ജി. വെൽസു് പറയാറുണ്ടു് ഒരു "തോതു ബോധം" വേണം എന്നു്. അങ്ങിനെ ഒരു തോതു് ബോധം ഗവൺമെണ്ടിനുണ്ടാകണം. ഒരാനയെ വെടിവെയ്ക്കാൻ പൊട്ടത്തോക്കുപോരാ. നല്ല തോക്കുതന്നെ വേണം. ഫിനാൻഷ്യൽ മെമ്പർ അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ അവസാനഭാഗത്തിൽ പറഞ്ഞു. "ആദായനികുതി കൂട്ടാൻ പോകുന്നില്ലെ"ന്നു്. പിന്നെ എവിടെനിന്നു പണമുണ്ടാകും? എനിക്കറിയാം പുതിയ മാർഗ്ഗങ്ങൾ കണ്ടുപിടിക്കാതെ ഇനികുതിയിൽനിന്നുമാത്രം പണമുണ്ടാക്കാൻ കഴിയുകയില്ലെന്നു. ജനസാമാന്യത്തിനു് ഭാരമാകാത്ത തരത്തിൽ എവിടെനിന്നെല്ലാം ഏതേതു മാർഗ്ഗങ്ങൾവഴി പണമെടുക്കാമൊ അങ്ങിനെ പണമെടുക്കാനുള്ള കരുത്തു ഗവർമ്മെണ്ടു് കാണിക്കുന്നില്ലെങ്കിൽ ഈ പോസ്റ്റുപാർ സ്കീമിനുവേണ്ടി ഈ ക്ഷാമം പിടിച്ചകാലത്തു കടലാസു് വെറുതെ കളയരുതെന്നുമാത്രമാണു് ഗവർമ്മെണ്ടിനോടു പറയാനുള്ളതു്. അതുകൊണ്ടു് പണമില്ലെന്നുള്ള വാദം ഇവിടെ കൊണ്ടുവരരുതു്.

മിസ്റ്റർ പി. വി. റാഫേൽ: പണം ഇല്ലെന്നു പറഞ്ഞിട്ടില്ല.

റാവുസാഹിബു് കെ. അയ്യപ്പൻ: ശരി, അപ്പോൾ പണമുണ്ടു്. സമ്മതിച്ചു. പിന്നെ ഈ സ്കീമിന്റെ കഴിവുകളെപ്പറ്റി വിശദമില്ലാത്തതാണെന്നു ബഹുമാനപ്പെട്ട എഞ്ചിനീയർ മെമ്പറും സമ്മതിച്ചു. ആവശ്യക്കാർ പറയുന്നതു് നടത്തിത്തരണമെന്നു. ഇനി എന്താണു് വേണ്ടതു്? മിസ്റ്റർ നാരായണമേനോൻ ഒരു കായ്മും തെറ്റിദ്ധരിച്ചു, മിസ്റ്റർ ഗോവിന്ദമേനോൻ പറഞ്ഞതുപോലെ ഈ കായ്മും അതു നീട്ടിക്കൊണ്ടു് പോകാനല്ല ഉദ്ദേശിക്കുന്നതു്. നടപ്പിലാക്കാൻ വിശദമുള്ള സംഗതി ആണെങ്കിൽ ഒരിക്കലും ഞാൻ കൊണ്ടുവരികയില്ലായിരുന്നു. ഇതു് അസാദ്ധ്യമല്ല, സാദ്ധ്യമാണെന്നു തോന്നിയതുകൊണ്ടാണു് കൊണ്ടുവന്നതു്. പണത്തിനു വഴിയുണ്ടു്, ഗവൺമെണ്ടിനെക്കൊണ്ടു് ചെയ്യിക്കാൻ കഴിയും എന്നു തോന്നിയതുകൊണ്ടാണു് അവിടത്തുകാക്കു് ഇങ്ങനൊരവശ്യം അത്യാവശ്യമായ വെള്ളത്തിന്റെ കായ്മും പ്രത്യേകം പറയാതെ ഈ സ്കീമന്റകൂടെ ഉൾപ്പെടുത്തിയതു്.

ബഹുമാനപ്പെട്ട ചീഫ് എഞ്ചിനീയരുടെ മറുപടി കേട്ടതിനുശേഷം ഇതു് പ്രസ്സുചെയ്യേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ലെങ്കിലും, വല്ലതുംവെച്ചു വേണ്ടെ ഒന്നു തുടങ്ങാൻ. അങ്ങിനെ ഒരു കാരണത്തിനു് വേണ്ടിമാത്രം ഇതു് പ്രസ്സുചെയ്യാൻ ഞാനുദ്ദേശിക്കുന്നുണ്ടു്.

പിന്നെ ചിലർ പറഞ്ഞപോലെ ഞാൻ അത്ര വേഗമൊന്നും ഇവിടെനിന്നു പോകാൻ വിചാരിക്കുന്നില്ല. ഇനി എങ്ങിനെ ആയാലും മൂന്നുകൊല്ലം നിശ്ചയമായിട്ടും ഇവിടെ ഇരിക്കും. ഈ സംഗതി എതായാലും ഇവിടെ വിടാൻ പോകുന്നില്ല. ഇതു് അത്രമാത്രം പ്രയോജനകരമാണെന്നു കണ്ടതുകൊണ്ടു് ആ പ്രദേശങ്ങളിലെ ജനങ്ങളുടെ മുറവിളി ഇടവിടാതെ വന്നു ഗവൺമെണ്ടിനെ അലട്ടിക്കൊണ്ടിരിക്കും എന്നു ഞാൻ ഓർമ്മപ്പെടുത്തിക്കൊള്ളുന്നു. അതിനൊന്നും ഇടവരുത്താതെ ഗവൺമെണ്ടു ഈ കായ്മുത്തെക്കുറിച്ചു ഒന്നുകൂടി നല്ലപോലെ ആലോചിച്ചു ഇതു സ്വീകരിക്കണമെന്നാണു് ഗവൺമെണ്ടിനോടു് പറയാനുള്ളതു്. ബഹുമാനപ്പെട്ട ചീഫ് എഞ്ചിനീയരുടെ മറുപടികൊണ്ടു് തൃപ്തിപ്പെടേണ്ടതാണെങ്കിലും അദ്ദേഹത്തെ സഹായിക്കാനായി ഞാൻ ഈ ഉപക്ഷേപം പ്രസ്സുചെയ്യുന്നു.

Cut Motion put and Carried

CUT MOTION No. 17

Choondal Mattam Road and Choondal Choualloopadi Road

Mr. Paramel Ipe Ipe *(Kunnamkulam):* Sir, I rise to move a cut of Re. 1 in the allotment of Rs. 12,22,453 for Communication in Demand No. 30. The purpose of this motion is *to impress upon the Government the necessity of having a granite metalling for the Choondal-Mattam Road and Chondal-Chowalloopadi Road.* I do admit at the very outset that it is not one of all-Cochin importance, but till from the point of view of the villagers inhabiting Choondal, Aloor, and Kandanasseri Villages this forms an important road. This road starts from the Choondal toll-gate at the Kunnamkulam-Trichur road and runs to south through Choondal Aloor and Kandanasseri Villages. It takes its course along two important bazaars, *viz.*, Koonammuchi bazaar and Mattam bazaar. These three villages are primarily agricultural villages which produces much of paddy and betelenut. For these villages the only opening to the best markets for arecanut and other agri cultural produces is this road and this road alone. From my experience and I am sure all my Hon'ble Friends who had the occasion to visit these three villages must have found that during the monsoon season this road instead of being a cartable road, forms a veritable quacymire. Instead of being used as a road it could rather be used as a field for sowing seeds and getting a harvest during

LIBRARY ARCHIVES Kerala Legislative Assembly